**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **08-08-2023 - ൽ മറുപടിയ്ക്ക്**

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം എംഎൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച തുക മറ്റൊരു ഫണ്ടുമായി കൂട്ടിച്ചേർക്കാൻ സാധിക്കാത്തതിനാൽ, മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് അധികമായി ആവശ്യം വരുന്ന 2.50 കോടി രൂപ, നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് എം.എൽ.എ ഫണ്ടിൽ നിന്നും മാത്രമേ അനുവദിയ്ക്കുവാൻ കഴിയുകയുള്ളൂ.** |
| (ബി) | എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ആവശ്യമായ തുക അനുവദിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | **പ്രസ്തുത വിഷയം പരിശോധിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ